അതൊന്നും കേട്ട് കുലുങ്ങിയില്ല കാരണം കേരളീയരായ ആളുകളെ സഹായിക്കാനുള്ള ഒരു സംവിധാനമാണ്. ഇപ്പോഴും പല ഏജൻസികളും ഈ ആളുകളെ വഴിതെറ്റിക്കാൻ ശ്രമിക്കുകയാണ്. അതിനവസരം കൊടുക്കാതെ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നതുതന്നെയാണ് ഗവൺമെന്റിന്റെ തീരുമാനം.

ശ്രീ. ടി. കെ. ബാലൻ: ബഹുമാനപ്പെട്ട മന്ത്രി ചെയ്ത കാര്യങ്ങളെ കുറിച്ചൊക്കെ പറഞ്ഞു. അതൊക്കെ വളരെ സ്വാഗതാർഹമായ കാര്യങ്ങളാണ്. എമ്പസ്സിയിലാണ് വളരെ കാലതാമസ്സമെന്നു പറഞ്ഞു. അതുകൊണ്ട് കേന്ദ്രത്തിൽ ശരിയായ സമ്മർദ്ദം ചെലുത്തി യു.എ.ഇ കോൺസുലേറ്റ് തിരുവനന്തപുരത്ത് തുറക്കുന്നതിന് ഒരു പ്രത്യേക ശ്രദ്ധ കൊടുക്കുമോ?

ശ്രീ. എം. എം. ഹസ്സൻ : വളരെ പ്രധാനപ്പെട്ട ഒരു നിർദ്ദേശമാണ്. ഗവൺമെന്റിന്റെ രേഖകൾ പരിശോധിച്ചാൽ അറിയാം നായനാർ മുഖ്യമന്ത്രിയായിരുന്ന കാലത്ത് സുൽത്താനേറ്റ് ഓഫ് ഒമാന്റെ ഒരു കോൺസുലേറ്റ് കേരളത്തിൽ തുറക്കാൻ തയ്യാറായ സന്ദർഭത്തിൽ അന്ന് കേന്ദ്ര ഗവൺമെന്റ് തടസ്സം സൃഷ്ടിക്കുകയാണ് ചെയ്തത്. നമ്മൾ ഇപ്പോൾ ആവശ്യപ്പെട്ടിട്ടുണ്ട്. യു.എ.ഇ.-യുടേയും സൗദി അറേബ്യയുടേയും കോൺസുലേറ്റുകൾ കേരളത്തിൽ ആവശ്യമാണ്. ഏതായാലും ബഹുമാനപ്പെട്ട മെംപർ പറഞ്ഞത് വളരെ ഗൗരവതരമായി എടുത്തിട്ടുണ്ട്. ഈ മാസം 10-ാം തീയതി കേന്ദ്ര വിദേശകാര്യ വകുപ്പുമന്ത്രി നട്വർ സിംഗ് കേരളത്തിൽ വരുന്നുണ്ട്. മുഖ്യമന്ത്രിയുമായി ചർച്ചയ്ക്ക് സമ്മതിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ മുൻപിൽ ഈ പ്രശ്നം ഗൗരവതരമായി ഉന്നയിക്കും. ഇതിൽ യു.എ.ഇ. ഗവൺമെന്റിന്റെ സഹായം കൂടി ആവശ്യമാണ്. വിദേശകാര്യ സഹമന്ത്രി ശ്രീ. ഇ. അഹമ്മദ് തന്റെ ഒരു ദൗത്യമായി ഇത് ഏറ്റെടുത്തിട്ടുണ്ടെന്ന് എന്നോട് നേരിട്ട് പറഞ്ഞു. അദ്ദേഹം യു.എ.ഇ.-യിൽ പോകുമ്പോൾ അവിടത്തെ ഭരണകർത്താക്കളുമായി ഈ കാര്യം ചർച്ച ചെയ്ത് നമുക്ക് അനുകൂലമായ ഒരു തീരുമാനമെടുപ്പിക്കുന്നതാണ്. മുഖ്യമന്ത്രിയുമായി നടത്തുന്ന ചർച്ചയിൽ ഇക്കാര്യം ഉന്നയിക്കുന്നതാണ്.

(2) മണ്ണാർക്കാട് താലൂക്കിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പാത്രക്കടവ് പദ്ധതി

ശ്രീ. കളത്തിൽ അബ്ദുള്ള: സർ, മണ്ണാർക്കാട് താലൂക്ക് ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടുകൾക്കും മിനി ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടുകൾക്കും സാദ്ധ്യതയുള്ള ഒരു പ്രദേശമാണ്. എന്നാൽ ദൗർഭാഗ്യകരമെന്നു പറയട്ടെ കഴിഞ്ഞകാല ഗവൺമെന്റുകളൊന്നും അത് വിനിയോഗിക്കാനുള്ള യാതൊരു പരിശ്രമവും നടത്തിയിട്ടില്ല. അഗളി പഞ്ചായത്തിലെ മാറനട്ടി, കോട്ടപ്പാടം പഞ്ചായത്തിലെ ചെമ്പുകട്ടി, അലനല്ലൂർ പഞ്ചായത്തിലെ വെള്ളച്ചാട്ടപ്പാറ, കുമരമ്പത്തൂർ മണ്ണാർക്കാട് പഞ്ചായത്തിലെ പാത്രക്കടവ്, തച്ചമ്പാറ പഞ്ചായത്തിലെ വട്ടപ്പാറ, കരുമ്പ പഞ്ചായത്തിലെ മീൻവല്ലം തുടങ്ങിയവ ഇതിൽ ശ്രദ്ധേയമായ ചില പദ്ധതികളാണ്. ഈ പദ്ധതികളിൽ ചിലത് വട്ടപ്പാറ ഇലക്ട്രിസിറ്റി ബോർഡും മീൻവല്ലം ജില്ലാ പഞ്ചായത്തും ഏറ്റെടുത്തിട്ടുണ്ട്. പക്ഷെ ഇതൊന്നും പ്രായോഗിക തലത്തിൽ വന്നിട്ടില്ല. കേരളാ ഇലക്ട്രിസിറ്റി

LIBRARY ARCHIVES Kerala Legislative Assembly

ബോർഡ് നാലഞ്ച് വർഷങ്ങളായി പാത്രക്കടവ് പദ്ധതിയെന്ന പേരിൽ ഒരു പദ്ധതിക്ക് ശ്രമമാരംഭിച്ചു. ഇന്ദിരാഗാന്ധി ഇൻഡ്യയുടെ പ്രധാനമന്ത്രിയായിരുന്ന കാലത്ത് പരിസ്ഥിതി പ്രശ്നത്തിന്റെ പേരിൽ ഉപേക്ഷിച്ച സൈലന്റ് വാലി പദ്ധതിക്ക് വളരെ താഴെ നീലഗിരി ബയോസ്ഫിയറിന് വളരെ താഴെ കുമരമ്പത്തൂർ-മണ്ണാർക്കാട് പഞ്ചായത്തിൽ ആരംഭിക്കുന്ന 400 കോടി രൂപ ചെലവാകുന്ന ഈ പദ്ധതിയുടെ പ്രവർത്തനം തുടങ്ങുന്നതിനാവശ്യമായ നടപടികൾ ഇലക്ട്രിസിറ്റി ബോർഡ് അടിയന്തിരമായി സ്വീകരിക്കണം. അതുപോലെതന്നെ ഈ പദ്ധതിക്കെതിരായിട്ട് ഒരുപാട് വാദങ്ങളും വന്നിട്ടുണ്ട്. കേരളത്തിലെ പശ്ചിമഘട്ട മലനിരകളിൽ 3560 മില്ലിമീറ്ററാണ് മഴ പെയ്യുന്നതെങ്കിൽ പാത്രക്കടവ് പ്രദേശത്ത് പെയ്യുന്ന മഴയുടെ അളവ് 5007 മില്ലിമീറ്ററാണ്. അത്തരം ഒരു പ്രദേശത്ത് ധാരാളം വെള്ളം ഒഴുകി സമുദ്രത്തിലേക്ക് പോകുകയാണ്. ആ വെള്ളം തടഞ്ഞു നിർത്തിയാൽ കേരളത്തിനാവശ്യമായ ഏറെക്കുറെ വൈദ്യുതി മെയിൻ ഗ്രിഡിലേക്ക് സംഭാവന ചെയ്യാൻ ഈ പ്രദേശത്തിന് കഴിയും. 2011-ആകുമ്പോഴേയ്ക്കും കേരളത്തിന്റെ ഊർജ്ജാവശ്യം 34,231 ദശലക്ഷം യൂണിറ്റാകും. പക്ഷെ ഇതിലേയ്ക്ക് 3974 യൂണിറ്റ് വൈദ്യുതി കമ്മിയായി വരുമ്പോൾ, 452 മെഗാവാട്ട് കമ്മിയായി വരുമ്പോൾ പാത്രക്കടവ് പദ്ധതി പൂർത്തീകരിക്കുകയാണെങ്കിൽ 70 മെഗാവാട്ട് ഇലക്ട്രിസിറ്റി മണ്ണാർക്കാട് താലൂക്കിന് കേരളത്തിന്റെ ഇലക്ട്രിസിറ്റിക്ക് സംഭാവന ചെയ്യാൻ കഴിയും. ഈ പദ്ധതി വരുമ്പോൾ ഒരൊറ്റ ആദിവാസിയും കുടിയിറക്കപ്പെടുകയില്ല. ഒരൊറ്റ ആദിവാസി കുടുംബവും ഇതിനെതിരായി പരാതി പറയുകയുമില്ല. അവിടെ കുടിയൊഴിപ്പിക്കപ്പെടുന്നത് എട്ട് കുടുംബങ്ങൾ മാത്രമാണ്. അവർ ആർ.സി. വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളാണ്. ഈ കുടുംബങ്ങൾ സാമ്പത്തികമായി പിന്നിലല്ല അവർ വളരെ പ്രോൽസാഹജനകമായ സമീപനമാണ് ഈ പദ്ധതിയോട് പുലർത്തുന്നത്. മാത്രവുമല്ല ഈ പദ്ധതി വന്നാൽ മുങ്ങിപ്പോകുന്ന വനത്തിന്റെ വിസ്തൃതി നാല് ഹെക്ടർ മുതൽ പത്ത് ഹെക്ടർ വരെയാണ്. ഒരു ഹെക്ടറിൽ ശരാശരി നൂറ് മരങ്ങൾ മാത്രമാണുള്ളത്. ആകെ നഷ്ടപ്പെടാനുള്ള മരങ്ങളുടെ എണ്ണം ആയിരം മാത്രമാണ്. ഈ മരങ്ങളെന്നു പറയുന്നത് യാതൊരു പ്രധാന്യവുമർഹിക്കാത്ത വെൺതേക്ക് മരുത്, ഇരുള് തുടങ്ങിയ മരങ്ങളാണ്. അപൂർവ്വമായി സൈലന്റ് വാലി റീജിയണിൽ മുഴുവൻ കാണുന്ന നയനാര പുലിമടയുണ്ട്. ആ പ്രദേശത്ത് ആനത്താരയില്ല. ആ പ്രദേശത്ത് ഇടയ്ക്ക് സിംഹവാലൻ കുരങ്ങ് സന്ദർശകനായി വന്നു പോകുകയും ചെയ്യും. ധാരാളം സസ്യങ്ങളുള്ള, പാറയുള്ള, വളർച്ച മുരടിച്ച വൃക്ഷങ്ങളുള്ള, പുൽകൂട്ടങ്ങളുള്ള കേവലം മുളംകൂട്ടങ്ങൾ മാത്രം പരിമിതമായി നിൽക്കുന്ന ഈ പ്രദേശത്ത് ഒരു പദ്ധതി വരികയാണെങ്കിൽ അത് കേരളത്തിന് മുഴുവൻ ഉപകാര പ്രദമാണ്. ദൗർഭാഗ്യമെന്നു പറയട്ടെ ഇതിനെതിരായി ശക്തമായ വിമർശനങ്ങളാണ് വന്നുകൊണ്ടിരിക്കുന്നത്. ഈ പദ്ധതി വന്നാൽ തൂതപ്പുഴ വറ്റി വരണ്ടുപോകുമെന്നാണ് പറയുന്നത്. ചില ലേഖനങ്ങളിൽ വന്നത് കാഞ്ഞിരപ്പുഴയിലേയ്ക്കാണ് കുന്തിപ്പുഴയിലെ വെള്ളം തിരിക്കുന്നതെന്നാണ്. കാഞ്ഞിരപ്പുഴയും കുന്തിപ്പുഴയും തമ്മിൽ വളരെ വ്യത്യാസമുണ്ട്. ഈ പദ്ധതിയുടെ പവർഹൗസ് സ്ഥിതിചെയ്യുന്നത് തത്തയംഗലത്താണ്.

LIBRARY ARCHIVES Kerala Legislative Assembly

തത്തയംഗലത്താണ് ഈ വെള്ളം ചാടുന്നത്. വീണ്ടും കുന്തിപ്പുഴയുടെ കൈതച്ചിറ, മാസപ്പറമ്പ് പോത്തോക്കിക്കാവ് തുടങ്ങി കരിമ്പുഴയിലെത്തി പമ്പറപ്പുഴയോട് കാഞ്ഞിരപ്പുഴയും തൊട്ടു താഴെ തുപ്പനാട് പുഴയും ചേർന്നുകൊണ്ടാണ് തൂതപ്പുഴ വീണ്ടുമൊഴുകുന്നത്. തൂതപ്പുഴയിൽ ഈ അണക്കെട്ട് പൂർത്തിയാക്കുമ്പോൾ, 15 മിനിറ്റ് മാത്രം വെള്ളം തടഞ്ഞുനിർത്തുമ്പോൾ ഒരു സ്ട്രക്കുണ്ടാകുമെന്നതൊഴിച്ചാൽ വീണ്ടും ഈ വെള്ളം റീ-ചാർജ്ജ് ചെയ്യുമ്പോൾ, പുറത്തുവിടുമ്പോൾ ഇത് കുന്തിപ്പുഴയിലേയ്ക്കു തന്നെയാണ് വിടുന്നത്. അതുകൊണ്ട് ഈ പദ്ധതി വന്നാൽ യാതൊരു പരിസ്ഥിതി ആഘാതവുമുണ്ടാകില്ല. ഭൂകമ്പമുണ്ടാകില്ല, മറിച്ച് ഏറ്റവും പിന്നണിയിൽ കിടക്കുന്ന ഞങ്ങളുടെ പ്രദേശങ്ങൾ ആരും തിരിഞ്ഞു നോക്കാത്ത ഇരുന്നൂറ് കിലോമീറ്റർ മാത്രം വിസ്തൃതിയുള്ള ഒരു മണ്ഡലം, മൂന്നു ലക്ഷത്തോളം ജനസാന്ദ്രതയുള്ള ഒരുപ്രദേശം മലയോര കർഷകർ തിങ്ങിപ്പാർക്കുന്ന ഒരു പ്രദേശത്തേയ്ക്ക് 140 കോടി രൂപയുടെ വികസനം വരും. 400 കോടി രൂപയുടെ മുതൽ മുടക്ക് നടക്കും. ഏറെക്കുറെ 10,000-ഓളം കുടുബങ്ങളുടെ വിശപ്പ് 2011 വരെ മാറ്റാനും കേരളത്തിന്റെ വൈദ്യുതി രംഗത്ത് 70 മെഗാവാട്ട് സംഭാവന ചെയ്യാനും കഴിയുന്ന ഈ പദ്ധതി നടപ്പാക്കണം. കേരളത്തിൽ ഏത് പദ്ധതി വരുമ്പോഴും പരിസ്ഥിതി വാദമുന്നയിച്ചുകൊണ്ട് അതിനെതകർക്കാൻ ശ്രമിക്കുന്നു. വികസന രാഷ്ട്രങ്ങൾ വളരരുതെന്ന സാമ്രാജ്യത്വ തന്ത്രമാണ് ഇതിനുപിന്നിലെന്ന് ഞാൻ സംശയിക്കുന്നു. കേരളത്തിന്റെ വികസനമാഗ്രഹിക്കേണ്ട രാഷ്ട്രീയ പാർട്ടികൾ വരെ കഥയറിയാതെ ആട്ടം തുള്ളുകയാണ്. അവരെ തിരിച്ചറിഞ്ഞുകൊണ്ട് ഈ പദ്ധതി അടിയന്തിരമായി നടപ്പാക്കാൻ ഈ സഭയുടെ സഹകരണം അഭ്യർത്ഥിച്ചുകൊണ്ട് മണ്ണാർക്കാട് മെമ്പറെന്ന നിലയ്ക്ക് ഞാൻ ഈ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കുകയാണ്.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) : സർ, ബഹുമാനപ്പെട്ട മെംപർ പറഞ്ഞതെല്ലാം ശരിയായിട്ടുള്ള വസ്തുതകളാണ്. Eco-friendly ആയിട്ടുള്ള നമ്മുടെ രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് സെൻട്രൽ ഗവൺമെന്റിന്റെ നയമനുസരിച്ചും കേരള ഗവൺമെന്റിന്റെ നയമനുസരിച്ചും ഹൈഡൽ പ്രോജക്ടുകളെ വളർത്തി, renewable ആയിട്ടും sustainable ആയിട്ടുമുള്ള എനർജി അതിൽ നിന്നു മാത്രമേ ലഭിക്കുകയുള്ളു. ബാക്കി തെർമൽ ആയാലും കോൾ ആയാലും കൊള്ളാം അതെല്ലാം തന്നെ ഒരു ദിവസം അവസാനിക്കുന്നതാണ്. ദൈവം അനുഗ്രഹിച്ചു നൽകിയ തെർമൽ ധാരാളമുണ്ട്. അതുപയോഗിക്കാൻ കഴിയാത്തതാണ് നമ്മുടെ സാമ്പത്തിക തകർച്ചയുടെ പ്രധാന കാരണം. ബഹുമാനപ്പെട്ട മെംപർ സൂചിപ്പിച്ചത് വളരെ സന്തോഷകരമായ കാര്യമാണ്. ഇതിനെ സംബന്ധിച്ചിടത്തോളം ഒരെതിർപ്പിന്റേയും ആവശ്യമില്ല. ഇത് പരിപൂർണ്ണമായും Eco-friendly ആയിട്ടുള്ള ഒരു പദ്ധതിയാണ്. ഒരു വലിയ ഡാം കെട്ടി അങ്ങനെയുള്ള നാശങ്ങളുണ്ടാക്കുന്നതല്ല. ഇത് run up the river scheme, ആ ഫോഴ്സുപയോഗിച്ച് എടുക്കുന്നതാണ്. ചൈന പോലുള്ള മഹാരാജ്യങ്ങൾ ഏറ്റവും ശക്തമായത് ഈ run up the river scheme പദ്ധതികൾ ഉപയോഗിച്ച് ഇലക്ട്രിസിറ്റിയുൽപ്പാദിപ്പിച്ചാണ് 70 മെഗാവാട്ട് സ്ഥാപിത ശേഷി വിഭാവനം ചെയ്യുന്നതാണ് പാത്രക്കടവ് പദ്ധതി. ഇതിൽ നിന്നും പ്രതിവർഷം

LIBRARY ARCHIVES Kerala Legislative Assembly

214 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. മൊത്തം 247 കോടി രൂപയോളം ചെലവു വരുന്ന ഈ പദ്ധതിമൂലം മണ്ണാർക്കാട് ഫോറസ്റ്റ് ഡിവിഷനിൽപ്പെട്ട 4.1 ഹെക്ടർ വനഭൂമി പോകും. ഇത്രയും നല്ലൊരു പദ്ധതി ഉണ്ടാകുമ്പോൾ വെറും 4.1 ഹെക്ടർ വനഭൂമി മുങ്ങിപ്പോകുന്നതിനെയാണ് ചില കേന്ദ്രങ്ങളിൽ നിന്നും എതിർക്കുന്നത്. അത് നിർഭാഗ്യകരമാണെന്നു മാത്രമേ എനിക്ക് പറയുവാനുള്ളൂ. പിന്നെ ഇതുണ്ടായാൽ അവികസിത പ്രദേശത്തെല്ലാം നല്ല വോൾട്ടേജിൽ ഇലക്ട്രിസിറ്റി നൽകുന്നതിനും വ്യാവസായികമായും ഡൊമസ്റ്റിക്കായിട്ടുമുള്ള ഇലക്ട്രിസിറ്റി സപ്ലൈയ്ക്കും വളരെ അധികം സഹായകമാകും ഒരു പ്രാദേശിക സംതുലിതാവസ്ഥയ്ക്കും ഇങ്ങനെയുള്ള പദ്ധതികളുണ്ടാകേണ്ടത് ആവശ്യമാണ്. അവിടെ മറ്റ് അനുബന്ധ ഘടകങ്ങളായ ഡാം, ടണൽ, പെൻസ്റ്റോക്ക്, റോഡുകൾ ഇവയെല്ലാം ഉൾപ്പെടുത്തുമ്പോൾ അൽപ്പം ഭൂമി ഉപയോഗിക്കേണ്ടി വരും എന്ന് മാത്രമേയുള്ളൂ. പാത്രക്കടവ് പദ്ധതിക്ക് കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെ ഒന്നാം ഘട്ട അനുമതി 12-9-2003-ൽ ലഭിക്കുകയുണ്ടായി. രണ്ടാം ഘട്ട അനുമതി ലഭിക്കുന്നതിലേയ്ക്കായി പാരിസ്ഥിതിക ആഘാതപഠനവും 21-5-2004-ൽ കേരളാ സ്റ്റേറ്റ് പൊലൂഷൻ കൺട്രോൾ ബോർഡ് പൊതുവിചാരണയും നടത്തുകയുണ്ടായി. ഇവയുടെ അടിസ്ഥാനത്തിൽ സമഗ്ര പരിസ്ഥിതി പഠന റിപ്പോർട്ട് തയ്യാറാക്കി പരിസ്ഥിതി അനുമതിക്കായി കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിനും വനഭൂമി ലഭ്യമാക്കുന്നതിനുവേണ്ടി വനം വകുപ്പിനും 2004 സെപ്റ്റംബർ മാസത്തോടെ സമർപ്പിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇവ ലഭ്യമായാൽ ഉടൻ തന്നെ പദ്ധതി പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുവാനാണ് ഉദ്ദേശിക്കുന്നത്. പൊതു വിചാരണ നടത്തിയ രീതിയെ വിമർശിച്ചുകൊണ്ടും പദ്ധതി നടപ്പാക്കുന്നതിനെതിരെ എതിർപ്പ് പ്രകടിപ്പിച്ചുകൊണ്ടും വിവിധ കേന്ദ്രങ്ങളിൽ നിന്ന് അനേകം നിവേദനങ്ങൾ ലഭിക്കുകയുണ്ടായി. അവയും വിശദമായി പരിശോധിക്കുന്നതാണ്.

ശ്രീ. കളത്തിൽ അബ്ദുള്ള : ഈ പദ്ധതി ഏറെക്കുറെ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ശ്രീ. കടവൂർ ശിവദാസൻ : കേന്ദ്ര ഗവൺമെന്റിന്റെ അനുമതി കിട്ടിയാലുടൻ എസ്റ്റിമേറ്റ്, തയ്യാറാക്കുന്നതിനും ടെണ്ടർ നടപടിക്കുമുള്ള പ്രൊസീഡിംഗ്സ് ആരംഭിക്കാം. ഇലക്ട്രിസിറ്റി ബോർഡിന്റെ ഭാഗത്തുനിന്നും ഒരു താമസവും ഉണ്ടാവില്ല.

IV. സബ്മിഷൻ

(1) തൃശൂർ നിയോജകമണ്ഡലത്തിലെ ചെമ്പിശ്ശേരി മേൽപ്പാലത്തിന്റെ പണി

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, തൃശ്ശൂർ നിയോജകമണ്ഡലത്തിലെ പാമ്പൂർ-ചെമ്പിശ്ശേരി മേൽപ്പാലത്തിന്റെ നിർമ്മാണം ഒരു വർഷത്തിനകം പൂർത്തീകരിക്കും എന്ന പ്രഖ്യാപനത്തോടെയാണ് 2001 സെപ്റ്റംബറിൽ ആരംഭിച്ചത്. വളരെയേറെ കാലതാമസത്തിനുശേഷം പണി ഏതാണ്ട് പൂർത്തീകരിക്കുന്ന ഘട്ടത്തിൽ എത്തിയപ്പോഴാണ് കഴിഞ്ഞ മാർച്ച് മാസത്തിൽ സ്ലാബ് തകർന്നുവീണ് മൂന്ന് തൊഴിലാളികൾ മരിച്ചത്. മാസങ്ങൾ മൂന്ന് കഴിഞ്ഞിട്ടും ഇതുവരെയും തകർന്ന സ്ലാബുകൾ മുറിച്ചു മാറ്റുകയോ പണി പുനരാരംഭിക്കുകയോ

10.30 a.m.]

LIBRARY ARCHIVES Kerala Legislative Assembly